LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങളുടെ വിലനിലവാരം

45 [2662] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരി, പരിപ്പ്, പഞ്ചസാര, ഉള്ളി, ആട്ടിറച്ചി, മുളക്, ഉപ്പ്, സിമന്റ്, കമ്പി, പ്ലാസ്റ്റിക് ബക്കറ്റ് (10 ലിറ്റർ) എന്നീ സാധനങ്ങളുടെ 2001 മുതൽ 2005 വരെയുള്ള വർഷങ്ങളിലെ മാർച്ച് മാസത്തെ വിലനിലവാരം കാണിക്കുന്ന പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

വിലനിലവാരം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മുളക് വാങ്ങിയതിലെ ക്രമക്കേടുകളെ സംബന്ധിച്ച പരാതി

46 [2663] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ 2004 ഡിസംബർ മാസത്തിലെ മുളക് പർച്ചേസുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് വിജിലൻസ് അന്വേഷണ വിഭാഗം സിവിൽ സപ്ലൈസ് കോട്ടയം റീജിയണിലെ ക്വാളിറ്റി കൺട്രോളറുടെ പക്കൽ നിന്നും പരാതി പൂരിപ്പിച്ച റിജക്ഷൻ സ്ലിപ്പ് കണ്ടെടുക്കുകയും അതിന്റെ പകർപ്പ് എടുക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2004 ഡിസംബർ മാസത്തിൽ സിവിൽ സപ്ലൈസിന്റെ കോട്ടയം റീജിയണിൽ മുളക് ലോഡ് വന്നത് ഏതെല്ലാം ദിവസങ്ങളിലാണ് എന്നും അത് ക്വാളിറ്റി കൺട്രോളർ പരിശോധിച്ചത് ഏതെല്ലാം ദിവസത്തിലാണ് എന്നും വ്യക്തമാക്കാമോ;

(ഡി) സാധനങ്ങൾ പരിശോധിക്കുകപോലും ചെയ്യാതെ ക്വാളിറ്റി കൺട്രോളർ റിജക്ഷൻ സ്ലിപ്പ് എഴുതിയത് സംബന്ധിച്ച് വകുപ്പു തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) ഗുണനിലവാരം കുറഞ്ഞ സ്റ്റോക്ക് ആയതിനാൽ റിജക്റ്റ് ചെയ്തതിന്റെ സ്ലിപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ വിജിലൻസ് വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) ഒരു ലോഡ് മുളക് കോട്ടയം ഡിപ്പോയിൽ വന്നത് 14-12-2004-ലും ആയത് ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥ പരിശോധിച്ചത് 16-12-2004-ലും ആണ്.

(ഡി) പരിശോധിക്കാതെ റിജക്ഷൻ സ്ലിപ്പ് എഴുതി എന്നത് വാസ്തവമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന്റെ ആവശ്യകത ഉണ്ടായിട്ടില്ല.

റേഷൻ വിതരണക്കാരുടെ പ്രശ്നങ്ങൾ

47 [2664] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. കാർഡ് ഉടമകൾക്ക് നൽകി വരുന്ന ഭക്ഷ്യധാന്യങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാനം നൽകേണ്ട 17% നിർത്തിവച്ചത് പുനഃസ്ഥാപിക്കുമോ;

(ബി) ആഴ്ചയിൽ 4 രൂപ വീതം അനുവദിച്ചിരുന്ന സബ്സിഡി നില നിർത്തുമോ;

(സി) അന്ത്യോദയ, അന്നപൂർണ്ണ പദ്ധതികളിൽ ധാന്യ വിതരണം നടത്തിയതിന്റെ കമ്മീഷൻ എത്ര മാസത്തെ കൊടുത്തുതീർക്കാനുണ്ട്; ഇത് ഉടൻ വിതരണം നടത്തുമോ; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശിക;

(ഡി) ഓണത്തോടനുബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് സൗജന്യമായി അരി നൽകിയ ഇനത്തിൽ റേഷൻകട ഉടമകൾക്ക് ലഭിക്കേണ്ടതായ തുക നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ നൽകേണ്ടത് എത്ര രൂപയാണ് എന്നും എപ്പോൾ നൽകാൻ കഴിയും എന്നും അറിയിക്കുമോ;

(ഇ) 1999-ൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ മാറ്റം വരുത്തിയതിനെ തുടർന്ന് റേഷൻ വിതരണക്കാർ അധികമായി അടച്ച തുകയിൽ എത്ര രൂപ തിരികെ നൽകാനുണ്ട്; പ്രസ്തുത തുക മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly